കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# നരിപ്പറ്റ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2015-16

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
e-mail: dokkd.ksad@gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

കെ.എസ്.എ.കെ.കെ.ഡി/പി9 /104/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
ഇ-മെയിൽ -dokkd.ksad@gov.in
വെബ് -www.lfa.kerala.gov.in
ഫോൺ - 0495 2371012

തീയതി: 23-01-2017.

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന),

നരിപ്പറ്റ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : നരിപ്പറ്റ ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നരിപ്പറ്റ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്

3)കാര്യാലയ പകർപ്പ്

കെ.എസ്.എ.കെ.കെ.ഡി/പി9 /104/2017 തീയതി:23-01-2017.

## കോഴിക്കോട് ജില്ലയിലെ നരിപ്പറ്റ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ നരിപ്പറ്റ ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 19.05.2016 മുതൽ 03.01.2017 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 7 അന്വേഷണക്കുറിപ്പുകൾ നൽകിയതിന് മറുപടി ലഭ്യമായിട്ടില്ല. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ കെ കെ സതീഷ് കുമാർ<br>ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 27.12.2016 മുതൽ 12.01.2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീ.കെ. സതീഷ് കുമാർ | ഓഡിറ്റ് ഓഫീസർ |
| | | ശ്രീ.ഷാജു തോമസ് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |

(ബി)നിർവ്വഹണാധികാരികൾ

| | | | | |
|---|---|---|---|---|
| പ്രസിഡന്റ് | : | | ശ്രീ. ടി. പി. പവിത്രൻ | 01.04.2015മുതൽ.31.10.2015വരെ |
| | | | ഭരണ നിർവ്വഹണ കമ്മറ്റി | 01.11.2015മുതൽ.11.11.2015വരെ |
| | | | ശ്രീമതി. എ. കെ നാരായണി | 12.11.2015മുതൽ 31.03.2016വരെ |
| സെക്രട്ടറി | : | | ശ്രീ മനോജ് എടവലത്ത് (ഇൻ ചാർജ്ജ്) | 01.04.2015മുതൽ 28.07.2015വരെ |
| | | | ശ്രീ.ഷിജു എൽ.എൻ | 28.07.2015മുതൽ 31.03.2016വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | | | |
| ഉദ്യോഗപ്പേര് | | | പേര് | കാലയളവ് |
| കൃഷി ഓഫീസർ | | | ശ്രീ.ഇബ്രായി കെ.എൻ | 01.04.2015മുതൽ11.03.2016വരെ |
| | | | ശ്രീമതി.ചാരുഷ ചന്ദ്രൻ | 12.03.2016മുതൽ 31.03.2016 വരെ |
| വി.ഇ .ഒ | | | ശ്രീ.ഷൈലേഷ് കുമാർ വി.ടി | 01.04.2015മുതൽ15.09.2015വരെ |

| | | | | |
|---|---|---|---|---|
| | | | ശ്രീ.സജൻദാസ്.എസ് | 15.09.2015 മുതൽ 31.03.2016വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | | | ശ്രീമതി. വൽസല പി .കെ | 01.04.2015മുതൽ20.12.2015വരെ |
| | | | ശ്രീമതി. ലൗലി മാത്യു | 21.12.2015മുതൽ31.03.2016വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | | | ഡോ.ഹെലിന | 01.04.2015മുതൽ18.06.2015വരെ |
| | | | ഡോ.സൗമ്യവതി എൻ കെ | 19.06.2015മുതൽ25.06.2015വരെ |
| | | | ഡോ.റബ്ബി മാത്യു | 26.06.2015മുതൽ31.03.2016വരെ |
| ഹെഡ് മാസ്റ്റർ | | | ശ്രീ ദിനേശൻ പി | 01.04.2015മുതൽ31.03.2016വരെ |
| വെറ്ററിനറി സർജൻ | | | ഡോ.സ്നേഹരാജ് ആർ കെ | 01.04.2015മുതൽ31.05.2015വരെ |
| | | | ഡോ.ശരത് കൃഷ്ണൻ | 01.06.2015മുതൽ31.03.2016വരെ |
| മെഡിക്കൽ ഓഫീസർ (അയുർവേദം) | | | ഡോ.രമേശൻ കെ പി | 01.04.2015മുതൽ 31.03.2016വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | | | ഡോ.ഫിറോസ് | 01.04.2015മുതൽ09.09.2015വരെ |
| | | | ഡോ.ഗ്രീഷ്മപ്രിയ | 10.09.2015മുതൽ 11.03.2016വരെ |
| | | | ഡോ.സബീഷ് | 12.03.2016മുതൽ 31.03.2016വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | | | ശ്രീ.ഹരീഷ് കുമാർ കെ.പി | 01.04.2015മുതൽ 04.07.2015വരെ |
| | | | ശ്രീ.വിപിൻ കെ.എം | 05.07.2015 മുതൽ 05.08.2015വരെ |
| | | | ശ്രീ.രഘുനാഥ് | 06.08.2015മുതൽ 19.11.2015വരെ |
| | | | ശ്രീ.വിപിൻ കെ.എം | 20.11.2015മുതൽ 20.12.2015വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | | | ശ്രീ.മനോജ് എടവലത്ത് | 01.04.2015മുതൽ.07.09.2015വരെ |
| | | | ശ്രീ.സൂര്യകാന്ത് കെ.കെ | 07.09.2015മുതൽ.31.03.2016വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1<br>പൊതു അവലോകനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം. | 1-7 |

| | | |
|---|---|---|
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| ഭാഗം 2<br>വരവുകണക്കുകളിൻമേലുള്ള ഓഡിറ്റ് നീരീക്ഷണങ്ങൾ | | |
| 11 | തൊഴിൽനികുതി അപാകതകൾ | 2-1 |
| 12 | വാടക ഈടാക്കിയതിൽ കുറവ് | 2-2 |
| 13 | ടെണ്ടർ ഫോറം വില ഈടാക്കിയതിൽ കുറവ് | 2-3 |
| 14 | വസ്തുനികുതി നിർണ്ണയം -അപാകതകൾ | 2-4 |
| 15 | വാർഷിക കണക്കുകളിലെ അപാകതകൾ | 2-5 |
| | ഭാഗം 3<br>ചെലവുകണക്കുകളിൻമേലുള്ള ഓഡിറ്റ് നീരീക്ഷണങ്ങൾ | |
| 16 | ഇ.എം.എസ് ഭവന നിർമ്മാണ പദ്ധതി പൂർത്തീകരിക്കാൻ ബാക്കി | 3-1 |
| 17 | വെറ്ററിനറി സർജൻ നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ | 3-2 |
| 18 | സെക്രട്ടറി നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ | 3-3 |
| ഭാഗം 4<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 38 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 39 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 40 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 41 | വായ്പ / വായ്പ തിരിച്ചടവ് | 4-4 |
| 42 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 43 | ഓഡിറ്റ് റിക്കവറി | 4-6 |
| 44 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |

| | | |
|---|---|---|
| 45 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 46 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 47 | അനുബന്ധം – ഓഡിറ്റ് സർട്ടിഫിക്കറ്റ് | |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 26.03.2015 തീയതിയിലെ 19/2015 തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2016 | 29.07.2016 | | |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | - | അനുബന്ധം 1 കാണുക |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 28238000.70 |
| വരവ് | 35687644.00 |
| ആകെ | 63925644.70 |
| ചെലവ് | 48384115.00 |
| നീക്കിയിരിപ്പ് | 15541529.70 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ | ആകെ | ചെലവ് | നീക്കിയിരിപ്പ് | ട്രാൻസ്ഫർ |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | വരവ് | | | | ക്രെഡിറ്റ് |
| വികസനഫണ്ട് പൊതുവിഭാഗം | 3705337 | 2998104 | 15562954 | 15562954 | 0 | (+)8859513 |
| വികസനഫണ്ട് എസ്.സി.പി. | 656027 | 940871 | 1596898 | 965871 | 0 | (-)631027 |
| വികസനഫണ്ട് ടി.എസ്.പി. | 518089 | 358747 | 876836 | 358747 | 0 | (-)518089 |
| സംരക്ഷണഗ്രാന്റ് റോഡ് | 3317790 | 2935103 | 6252893 | 6252893 | 0 | - |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 2285984 | 1761520 | 4047504 | 4047504 | 0 | - |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 3081537 | 9077076 | 12158613 | 7935648 | 0 | (-)422965 |
| പെർഫോമൻസ് ഗ്രാന്റ് | 3519680 | 880146 | 4399826 | 912394 | 0 | (-)3487432 |
| എം.എൻ.ആർ.ഇ.ജി.എസ്. | - | 21665286 | 21665286 | 21656415 | 8871 | |
| ബി ഫണ്ട് | - | 32488077 | 32488077 | 32488077 | - | |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 148 | 80242790 | 109 | 37059117 | 9 | 30 | 73.65 |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും

പ്രകാരം 12 ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 2225710 | 1988280 | 237430 | |
| നികുതിയേതര വരവുകൾ | 530043 | 436865 | 93178 | |
| മറ്റുവരവുകൾ | - | - | - | - |
| ആകെ | 2755753 | 2425145 | 330608 | |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 590160 | 360 |
| കർഷകതൊഴിലാളി പെൻഷൻ | 10751700 | 1203 |
| വിധവാപെൻഷൻ | 10650720 | 953 |
| വാർദ്ധക്യകാലപെൻഷൻ | 6558420 | 893 |
| വികലാംഗപെൻഷൻ | 3466420 | 313 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ | 168240 | 18 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 300000 | 10 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 04.01.2017 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 13038/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച |
|---|---|---|---|

| | | | |
|---|---|---|---|
| | തീയതി | | തീയതി |
| പെർഫോമൻസ് ഓഡിറ്റ് | 11.08.2015,12.08.2015,<br>13.08.2015 | ജൂലൈ 2015 | സി3.3376/16,<br>04.04.2016 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 07.10.2002 മുതൽ<br>26.10.2002 വരെ | 1997-98 മുതൽ<br>2001-02 വരെ | 6870/PA3/<br>2003/LSGD<br>13.02.2003 |

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 തൊഴിൽ നികുതി അപാകതകൾ

1. ഗ്രാമപഞ്ചായത്ത് സീനിയർ ക്ലാർക്കായി സേവനമനുഷ്ഠിച്ചിരുന്ന ശ്രീ. ഷിജു.ടി.എം 2015-16 വർഷത്തിന്റെ ഒന്നാം പകുതിയിൽ 99ദിവസം സേവനമനുഷ്ഠിച്ചതിന് ശേഷം 08.07.2015നാണ് പേരാമ്പ്ര ഗ്രാമപഞ്ചായത്തിലേക്ക് സ്ഥലംമാറിപ്പോയത്. ഇക്കാലയളവിൽ 78458/-രൂപ ശമ്പളമായി കൈപ്പറ്റിയിട്ടുണ്ട്. ടിയാനിൽനിന്ന് തൊഴിൽ നികുതി ഈടാക്കുകയോ സ്ഥലം മാറിച്ചെന്ന ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി ഒടുക്കിയതിന്റെ സാക്ഷ്യപത്രം വാങ്ങി സൂക്ഷിച്ചതായോ കാണുന്നില്ല.

2. കൈവേലിയിൽ പ്രവർത്തിക്കുന്ന മാവേലി സ്റ്റോറിന്റെ അധികാരികളിൽ നിന്നും രണ്ട് അർദ്ധ വർഷത്തെയും സ്ഥാപനത്തിന്റെ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിലും ജീവനക്കാരുടെതൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. സ്ഥാപനത്തിലെ ശ്രീ. രാജേഷ്.സി.പി എന്ന ജീവനക്കാരൻ 04.05.2015ന് വടകര സപ്ലൈ ഓഫീസിലേക്ക് സ്ഥലം മാറിപ്പോയതായി റിട്ടേണിൽ കാണിച്ചിരിക്കുന്നു. പ്രവർത്തിക്കാത്ത സ്ഥാപനം ഒരിക്കലും തൊഴിൽനികുതി ഒടുക്കില്ല. ഈസ്ഥാപനം ഇപ്പോഴും പ്രവർത്തിക്കുന്നുണ്ട്. താൽക്കാലിക ജീവനക്കാരെ വെച്ചായിരിക്കാം സ്ഥാപനം പ്രവർത്തിച്ചത്. ഗ്രാമപഞ്ചായത്ത് വക കെട്ടിടത്തിൽ വാടകക്ക് പ്രവർത്തിക്കുന്ന സ്ഥാപനത്തിൽ ജീവനക്കാരുണ്ടോയെന്ന് പരിശോധിക്കാതെ നികുതി റിട്ടേൺ അംഗീകരിച്ചത് സെക്രട്ടറിയുടെ വീഴ്ചയാണ്.

3. <u>കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല:</u> താഴെ ചേർക്കുന്ന 17 കരാറുകാർ ഗ്രാമപഞ്ചായത്തിലെ വിവിധ പദ്ധതികൾ ഏറ്റെടുത്ത് നടത്തുന്നതായി കാണുന്നുണ്ട്. തൊഴിൽ നികുതി ചട്ട പ്രകാരം കരാറുകാരിൽ നിന്നും 1250/-രൂപ നിരക്കിൽ ഓരോ അർദ്ധ വർഷത്തിലും തൊഴിൽനികുതി ഈടാക്കണമെന്നുണ്ടെങ്കിലും ഈ കരാറുകാരിൽ നിന്നും 2015-16 -ലെ രണ്ട് അർദ്ധ വർഷത്തിലും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| കരാറുകാർ | |
|---|---|
| 1. | ശ്രീ.മൊയ്തു ഹാജി എം.കെ. |
| 2. | ശ്രീ.സുരേഷ്ബാബു.കെ. |
| 3. | ശ്രീ.കണാരൻ.വി |
| 4. | ശ്രീ.റഫീക്ക് കെ.പി |

| | |
|---|---|
| 5. | ശ്രീ.പവിത്രൻ.പി |
| 6. | ശ്രീ.ചന്ദ്രൻ .എൻ |
| 7. | ശ്രീ.അനന്തൻ |
| 8. | ശ്രീ.അജേഷ്വന്ന |
| 9. | സെക്രട്ടറി, വിലങ്ങാട് എസ്.ടി ലേബർകോൺട്രാക്ട് കോ-ഓപ്പ് സൊസൈറ്റി |
| 10. | ശ്രീ. മൊയ്തു .കെ |
| 11. | ശ്രീ.രവീന്ദ്രൻ.കെ.പി |
| 12. | ശ്രീ.സുധീഷ്.വി.കെ. |
| 13. | ശ്രീ. സണ്ണി |
| 14. | സെക്രട്ടറി, വളയം ലേബർകോൺട്രാക്ട് കോ-ഓപ്പ് സൊസൈറ്റി |
| 15. | ശ്രീ.എം.കെ.ബാലൻ |
| 16. | ഇളയിടം, ലേബർകോൺട്രാക്ട് കോ-ഓപ്പ് സൊസൈറ്റി |
| 17. | ശ്രീ.ഡൊമിനിക് ഡൊമിനിക് |

മേൽ അപാകത സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നുവെങ്കിലും മറുപടി ഒന്നുംതന്നെ ലഭിച്ചിട്ടില്ല. അപാകതകൾ പരിശോധിച്ച് തൊഴിൽനികുതി നഷ്ടം വന്നിട്ടില്ല എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 2-2 വാടക ഈടാക്കിയതിൽ കുറവ്

ഗ്രാമപഞ്ചായത്ത് വക കെട്ടിടത്തിലെ 7/509 ,7/510 എന്നീ നമ്പറിലുള്ള മുറികൾ മാവേലി സ്റ്റോർ നടത്തുന്നതിന് സിവിൽ സപ്ലൈസ് കോർപ്പറേഷന് 1465/-രൂപ പ്രതിമാസ വാടക നിശ്ചയിച്ച് വാടക്ക് നൽകിയിട്ടുണ്ട്. 2015-16 വർഷത്തിൽ 12 മാസത്തെ കെട്ടിട വാടകയായി 17580/-(1465 X 12) രൂപ ഈടാക്കേണ്ടതായിരുന്നുവെങ്കിലും 3/2016 ഒഴികെയുള്ള 11 മാസത്തെ വാടകയായ 16115/--രൂപ മാത്രമാണ് ഡിമാന്റ് ചെയ്ത് ഈടാക്കിയിരിക്കുന്നത്. ഇത് മൂലം ആകെ വാടക വരവിലും കുറവ് ഉണ്ടായിട്ടുണ്ട്. മേൽ അപാകത സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടുവെങ്കിലും മറുപടി ലഭിച്ചിട്ടില്ല. വാടകയിനത്തിൽ കുറവ് വന്ന 1465/-രൂപ ഉത്തരവാദിയായവരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 2-3 ടെണ്ടർ ഫോറം വില ഈടാക്കിയതിൽ കുറവ്

ടെണ്ടർ ഫോറങ്ങളുടെ വില 05.01.2015-ലെ നം. 03/2015 ഫിൻ സർക്കാർ ഉത്തരവിലൂടെ വർദ്ധിപ്പിച്ചിരുന്നു. ഈ ഉത്തരവ് പ്രകാരം 50,000/-രൂപ മുതൽ 10 ലക്ഷം രൂപ വരെ ചെലവുള്ള പ്രവൃത്തികൾക്ക് ചെലവിന്റെ 0.2% നിരക്കിൽ ഏറ്റവും കുറഞ്ഞ് 500/-രൂപയും കൂടിയത് 2,000/-രൂപയും ടെണ്ടർ ഫോറം വില ഈടാക്കണമെന്ന് നിഷ്കർഷിച്ചിരുന്നുവെങ്കിലും താഴെ ചേർക്കുന്ന പ്രവൃത്തികളുടെ ടെണ്ടർ ഫോറം വിറ്റപ്പോൾ മേൽപ്പറഞ്ഞ നിരക്കിൽ വിലയീടാക്കിയിട്ടില്ല. ഇത് മൂലം ടെണ്ടർ ഫോറം വിലയിനത്തിൽ 500/-രൂപയുടേയും വാറ്റ് നികുതിയിനത്തിൽ 25/-രൂപയുടേയും കുറവ് ഉണ്ടായിട്ടുണ്ട്.

| പ്രവർത്തിയുടെ നമ്പറും പേരും | അടങ്കൽ തുക | കരാറുകാരന്റെ പേര് | ഈടാക്കേണ്ട ടെണ്ടർ ഫോറം വില | ഈടാക്കിയ തുക | രസീതി നം. തീയതി | കുറവ് വന്ന തുക |
|---|---|---|---|---|---|---|
| 48/15വായാട് കോളനി നടപ്പാത നിർമ്മാണം | 100000 | ഡൊമിനിക്- ഡൊമിനിക് | 500+25 | 400+20 | 01/16889 /30.09.2015 | 100+5 |
| | | കെ.പി. രവീന്ദ്രൻ | 500+25 | 400+20 | 05/16889 /30.09.2015 | 100+5 |
| 140/2015 കസ്തൂർഭാ അംഗൻവാടി ടൈൽസ് പതിക്കൽ | 100000 | വിലങ്ങാട് എസ്.ടി കോ.ഓപ് സൊസൈറ്റി | 250+12.50 | 200+10 | 10/16889 /30.09.2015 | 50+2.5 |
| | | സുരേഷ്ബാബു.കെ. | 500+25 | 400+20 | 11/16889 /30.09.2015 | 100+5 |
| 149/2015 കായക്കുൽ കയനാട്ടം റോഡ് കോൺക്രീറ്റ് | 200000 | മൊയ്തു ഹാജി | 500+25 | 400+20 | 12/16889 /30.09.2015 | 100+5 |
| | | വിലങ്ങാട് എസ്.ടി കോ.ഓപ് സൊസൈറ്റി | 250+12.50 | 200+10 | 13/16889 /30.09.2015 | 50+2.5 |
| ആകെ | | | | | | 500+25 |

കുറവ് വന്ന തുകകൾ ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 2-4 വസ്തുനികുതി നിർണ്ണയം - അപാകതകൾ

വസ്തുനികുതി നിർണ്ണയിക്കുന്ന അന്വേഷണ റിപ്പോർട്ടുകളിൽ ആവശ്യമായ വിവരങ്ങൾ ഉൾപ്പെടുത്തുന്നതായി

കാണുന്നില്ല. പണി പൂർത്തിയായ കെട്ടിടത്തിന്റെ തറ വിസ്തൃതിയുടെ അടിസ്ഥാനത്തിൽകെട്ടിടം എന്താവശ്യത്തിന് എന്ന് പരിഗണിച്ച് ഓരോന്നിനും ബാധകമായ നിരക്കിൽ അടിസ്ഥാനനികുതി നിർണ്ണയിക്കുകയും, ഈ നികുതിയിൽ നിന്നും കെട്ടിടം സ്ഥിതി ചെയ്യുന്ന സ്ഥലം ദ്വിതീയ മേഖലയിൽ ആണെങ്കിൽ 10% വും തൃതീയമേഖലയിലാണെങ്കിൽ 20% വും കുറഞ്ഞതരം മേൽക്കൂരയാണെങ്കിൽ 10%വും ഇളവ് നൽകുകയും അഞ്ച് മീറ്ററോ അതിലധികമോ വീതിയുള്ള വഴിയുണ്ടെങ്കിൽ 20% വും മേൽത്തരം തടി/ഇറ്റാലിയൻ മാർബിൾ/ഗ്രാനൈറ്റ് മറ്റ് വിലയേറിയ വസ്തുക്കൾ കൊണ്ട് നിർമ്മിച്ചിട്ടുള്ളതും 250 ചതുരശ്ര മീറ്ററിലധികം തറ വിസ്തീർണ്ണമുണ്ടെങ്കിൽ15 % വും കേന്ദ്രീകൃത എയർ കണ്ടീഷനിംഗ് സംവിധാനമുണ്ടെങ്കിൽ 10% വും അടിസ്ഥാനനികുതിയിൽ വർദ്ധനവ് വരുത്തിയുമാണ് വസ്തുനികുതി നിർണ്ണയിക്കുന്നത്.

വസ്തുനികുതി നിർണ്ണയത്തിനായി ലഭിക്കുന്ന അപേക്ഷകൾ ആദ്യം ഓവർസിയർ/എഞ്ചിനീയർക്കും തുടർന്ന് സെക്ഷൻ ക്ലാർക്കിനും അന്വേഷണത്തിനായി കൈമാറുകയും ഇവർ നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിക്കുകയുമാണ് ചെയ്യുന്നത്.

2015-16 വർഷത്തിൽ പുതിയതായി നികുതി നിർണ്ണയിച്ചിരിക്കുന്നത് പരിശോധിച്ചപ്പോൾ ഭൂരിപക്ഷം അന്വേഷണറിപ്പോർട്ടുകളിലും തറയുടെ നിലവിലെ അവസ്ഥ, ഉപയോഗിച്ചിരിക്കുന്ന വസ്തുക്കൾ, റോഡിന്റെ തരം , എയർ കണ്ടീഷണിംഗ് സംവിധാനമുണ്ടോ തുടങ്ങിയ കാര്യങ്ങൾ ഒന്നും പരാമർശിക്കാതെ മേഖലയെക്കുറിച്ച് മാത്രം പരാമർശിക്കുന്ന റിപ്പോർട്ടുകളാണ് സമർപ്പിച്ചതായി കാണുന്നത്. പുതിയ നികുതി നിർണ്ണയത്തിനായി സമർപ്പിച്ചിരിക്കുന്ന അപേക്ഷകളിൽ ഒന്നിൽപോലും മേൽത്തരം വസ്തുക്കൾകൊണ്ട് തറ നിർമ്മിച്ചതായി രേഖപ്പെടുത്തിയിട്ടില്ല.

നികുതി നിർണ്ണയിക്കുമ്പോൾ ഇളവിനും വർദ്ധനവിനും ആധാരമാകുന്ന കാര്യങ്ങളെക്കുറിച്ച് വ്യക്തമായി പരാമർശിക്കാതെ അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുന്നതും അത് അംഗീകരിച്ച് നികുതി നിർണ്ണയിക്കുന്നതും ശരിയായ നടപടിയല്ല. നികുതി നിർണ്ണയത്തിലെ മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 2-5 വാർഷിക കണക്കുകളിലെ അപാകതകൾ

നരിപ്പറ്റ ഗ്രാമ പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകളിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1.വിവിധ വരവിനങ്ങളിലായുള്ള മുൻകൂർ വരവുകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല

2.അസിസ്റ്റന്റ് എഞ്ചിനീയറും, മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരും നിർവ്വഹണം നടത്തിയ പദ്ധതികളുടെ വാറ്റ്, ആദായനികുതി, ക്ഷേമനിധി തുടങ്ങിയവയുടെ ചെലവുകൾ പ്രത്യേകമായി വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല

3.ഗ്രാമപഞ്ചായത്തിന്റെ ആസ്തികൾ പൂർണ്ണമായി വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല

വാർഷിക കണക്കുകളിലെ അപാകതകൾ പരിഹരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഇ.എം.എസ് ഭവന നിർമ്മാണ പദ്ധതി പൂർത്തീകരിക്കാൻ ബാക്കി

ഇ.എം.എസ് ഭവനിർമ്മാണ പദ്ധതിയിൽ 78 എണ്ണം പൂർത്തിയാക്കാൻ ബാക്കിയുണ്ട്. ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിലായി 280 ഗുണഭോക്താക്കളാണ് ഇ.എം.എസ് ഭവനപദ്ധതിയിൽ ചേർന്നത് ഇതിൽ 78 ഗുണഭോക്താക്കൾ 1 മുതൽ 3 വരെയുള്ള വിവിധ ഗഡു ധനസഹായം കൈപ്പറ്റിയെങ്കിലും ഇനിയും പണി പൂർത്തിയാക്കിയിട്ടില്ലാത്തതായി കാണുന്നു.

നിർമ്മാണം പൂർത്തിയാക്കാത്ത വീടുകൾക്ക് ധന സഹായം നൽകുന്നത് തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 17.02.2011-ലെ ജി.ഒ(ആർ.ടി)497/2011 , 10/12/2013-ലെ ജി.ഒ(ആർ.ടി) 3033/2011 എന്നീ നമ്പർ ഉത്തരവുകൾ പ്രകാരം മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നുവെങ്കിലും പുതുക്കിയ നിരക്കിലുള്ള ആനുപാതികമായ ആനുകൂല്യങ്ങൾ നൽകി ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിന് യാതൊരു വിധ നടപടികളും സ്വീകരിച്ചതായി കാണുന്നില്ല.

ഈ പദ്ധതിയിൽ നിർമ്മാണം പൂർത്തീകരിക്കാത്ത ഉപഭോക്താക്കളുടെ രജിസ്റ്ററിലെ ക്രമ.നം. താഴെ ചേർക്കുന്നു.

1,2,9,11,22,26,32,41,49,50,56,58,59,62,67,70,75,78,85,87,90,101,105,112,
117,126,138,157,159,163,166,167,169,172,174,175,176,179,187,189,190,
191,193,194,196,205,206,210,,211,212,213,215,217,221,224,230,234,235,
239,240,242,247,255,257,258,259,263,265,266,267,268,270,271,272,273
274,276,278,279,

ഭവന നിർമ്മാണം പൂർത്തിയാക്കാത്തവർ നിർമ്മാണം പൂർത്തിയാക്കി എന്നുറപ്പുവരുത്തുന്നതിന് ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-2 വെറ്ററിനറി സർജൻ നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ

വെറ്ററിനറി സർജൻ 2015-16 ൽ നടപ്പിലാക്കിയ താഴെ പറയുന്ന പദ്ധതികളുടെ നടത്തിപ്പിൽ അപാകതകൾ ഉള്ളതായി കാണുന്നു.ചെലവ് തുക 612500/- തടസ്സപ്പെടുത്തുന്നു

| പ്രൊജക്ട് നം. | ബിൽ നം. | ചെലവഴിച്ച തുക | ചെലവിന്റെ വിവരം | അപാകതകൾ |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 30/16 മൃഗാശുപത്രിക്ക് മരുന്നു വാങ്ങൽ | 4/15-16<br>5/15-16 | 63643+<br>36357<br>100000 | ഡൈനവെറ്റ് കോഴിക്കോട് മരുന്നി ന്റെ വില നൽകിയത് | ജില്ലാ മെഡിൽക്കൽ സ്റ്റോർ മേധാവിയിൽ നിന്നുള്ള എൻ.എ.സി ഇല്ല. |
| 28/16 കന്നുകുട്ടി പരിപാലനം | 2/15-16 | 312500 | അസിസ്റ്റന്റ് ഡയറക്ടർ കാറ്റിൽ ഫീൽഡ് സബ്സിഡി സ്കീകം കോഴിക്കോടിന് പഞ്ചായത്ത് വിഹിതം കൈമാറിയത് | പദ്ധതിസംബന്ധിച്ചപൂർണ്ണ വിവരങ്ങളും യു.സി ഉൾപ്പെടെയുള്ള വിവരങ്ങൾ ഇല്ല. |
| 163/16 തെരുവ് നായ്ക്കളുടെ പ്രജനന നിയന്ത്രണ പദ്ധതി | 7/15-16 | 200000 | കോഴിക്കോട് ജില്ലാ പഞ്ചായത്ത് സെക്രട്ടറിക്ക് ഗ്രാമപഞ്ചായത്ത് വിഹിതം നൽകിയത്. | യു.സി.ഹാജരാക്കിയില്ല |

## 3-3 സെക്രട്ടറി നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ

1. കൃഷി ഭവനിൽ കുഴൽ കിണർ നിർമ്മാണം - തുക തിരിച്ചടച്ചില്ല

പ്രൊജക്ട് നം. 51/16 ആയി കൃഷി ഭവനിൽ കുഴൽ കിണർ നിർമ്മാണം എന്ന പദ്ധതി നടപ്പിലാക്കുന്നതിനായി കുഴൽകിണർ കുഴിക്കുന്നതിനായി 29.09.2015ൽ ബിൽ നമ്പർ 321/15-16 പ്രകാരം 36350/-രൂപ ട്രഷറിയിൽ നിന്നും പിൻവലിച്ച് ഭൂജല വകുപ്പിന്റെ കോഴിക്കോട് ജില്ലാ ഓഫീസർക്ക് കൈമാറുകയും തുടർന്ന് കിണർ കുഴിച്ചപ്പോൾ വെള്ളം ലഭിക്കാത്തതിനാൽ കുഴിച്ച ചെലവ് കിഴിച്ച് ബാക്കി 28912/-രൂപ (ഡി.ഡി നം. 1725044/22.02.2016) ഗ്രാമപഞ്ചായത്തിന് തിരികെ നൽകി. തിരികെ ലഭിച്ച തുക സഞ്ചിതനിധിയിൽ തിരിച്ചടക്കുന്നതിന് പകരം തനത് ഫണ്ടിൽ നിക്ഷേപിച്ചതായി കാണുന്നു.

2. ഹോമിയോ ഡിസ്പെൻസറി -കുഴൽ കിണർ നിർമ്മാണം

കിണർ നിർമ്മിക്കുകയോ ഒടുക്കിയ തുക തിരികെ വാങ്ങുകയോ ചെയ്തിട്ടില്ല.

പ്രൊജക്റ്റ് നം. 103/16ഹോമിയോ ഡിസ്പെൻസറിയിൽ കുഴൽകിണർ കുഴിക്കുന്നതിനായി 29.09.2015 ൽ ബിൽനം. 322/15-16 പ്രകാരം 23300/-രൂപ ട്രഷറിൽ നിന്നും പിൻവലിച്ച് ഭൂജല വകുപ്പിന്റെ കോഴിക്കോട് ജില്ലാ ഓഫീസർക്ക്കൈമാറി. തുടർന്ന് ഡിപ്പാർട്ട്മെന്റ് റിഗ്ഗുകൾ എത്താത്തതിനാൽ കുഴിക്കാൻ നിർവ്വാഹമില്ലായെന്നും എസ്റ്റിമേറ്റ് തുകയുടെ 5% ഓവർ ഹെഡ് ചാർജ്ജായി 1165/-രൂപ ഒടുക്കുകയാണെങ്കിൽ ടെണ്ടർ മുഖേന സ്വകാര്യ റിഗ്ഗുകൾ ഉപയോഗിച്ച് പദ്ധതി നടപ്പിലാക്കണമെന്നും ഓവർ ഹെഡ്സ് ചാർജ്ജ് ഒടുക്കുന്നില്ലെങ്കിൽ തുക തിരിച്ച് നൽകുന്നതാണെന്നും 13.05.2016-ലെ GW/KKD/T343/15 നമ്പർകത്തിലൂടെ ഭൂജല വകുപ്പ് ജില്ലാ ഓഫീസർ അറിയിച്ചുവെങ്കിലും ഓവർ ഹെഡ് ചാർജ് തുക ഒടുക്കുന്നതിനോ, ഒടുക്കിയതുക തിരികെ ഈടാക്കുന്നതിനോ നാളിതുവരെ യാതൊരുവിധ നടപടിയും സ്വീകരിച്ചതായി കാണുന്നില്ല.

## ഭാഗം-4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് 100000/-രൂപ നൽകിയിട്ടുണ്ട്. വർഷാവസാനത്തിൽ പ്രവൃത്തി പൂർത്തിയാക്കി ഫൈനൽബില്ല് നൽകാത്തതിന്റെ വിവരം താഴെ കാണിക്കുന്നു.

| ക്രമ നം | കൺവീനറുടെ പേര് | പ്രവൃത്തിയുടെ പേര് | ബിൽ/വൗച്ചർ നം/ചെക്ക് നം | തുക | അഡ്ജസ്റ്റ് ചെയ്തത് | ബാക്കി |
|---|---|---|---|---|---|---|
| 1 | പ്രകാശൻ | വായാട് കോളനി സാംസ്കാരിക നിലയം പുനരുദ്ധാരണം | വൗച്ചർ നമ്പർ : 21500975 തീയതി : 23.03.2016 | 100000/- | - | 100000/- |

### 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല .

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പതുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇഎംഎസ് ഭവന പദ്ധതി | 533/2010 തീയതി : 18.02.2010 | 1,19,76000 | 5388000/- | 3697600/- | | 1690400/- |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 24915/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2012-13 ,13-14 | 3-4 | 24915 | ശ്രീ അശോകൻ കെ കെ കൺവീനർ | 21500790 തീയതി : 12.02.2016 |

## 4-7 സമാഹ്യത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹ്യത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹ്യത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 1999-00 | | 2003-2004 | 7 | പൂർത്തീകരിക്കാത്ത ജലസേചന പദ്ധതികൾ |
| 1999-00 | | 2003-2004 | 7 | ബജറ്റ് |

| | | | | |
|---|---|---|---|---|
| 1998-99 | 1 | 2004-05 | | പിരിച്ചെടുക്കാൻ അവശേഷിക്കുന്ന നികുതി |
| 1998-99 | | 2004-05 | | പെൻഷൻവിതരണത്തിലെ അപാകതകൾ |
| 2000-01 | 3-3 | 2005-06 | 2-9 | ആഭ്യന്തരനിയന്ത്രണം പാളുന്നു |
| 2000-01 | 2-1,2-3 | | 2-11 | ആഭ്യന്തരനിയന്ത്രണം പാളുന്നു |

## 4-8. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 35687644 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 48384115 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 1965 |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ<br>അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 612500 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-2 | 1465 | | ശ്രീ.ഷിജു.എൽ.എൻ. (സെക്രട്ടറി ) |
| 2-3 | 500 | | ശ്രീ.ഷിജു.എൽ.എൻ. (സെക്രട്ടറി ) |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 612500 | ഡോ.ശരത് കൃഷ്ണൻ<br>വെറ്ററിനറി സർജൻ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഖ.2-3 (തുക 25/-)

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

-ഇല്ല-

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം<br>മേൽവിലാസം |
|---|---|---|
| ഷിജു.എൽ.എൻ.<br>(സെക്രട്ടറി) | സെക്രട്ടറി ,നടുവണ്ണൂർ ഗ്രാമപഞ്ചായത്ത് | പുതുക്കുടി.വീട്<br>പനങ്ങാട്. |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ്<br>വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും<br>ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ<br>അവശേഷിക്കുന്ന<br>ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1995-96 | എൽ.എഫ്.കെ.കെ.ഡി.എസ്1.261/01തീ: 18.6.01 | 1 |
| 1996-97ഡി.സി.ബി | എൽ.എഫ്.കെ.കെ.ഡി.എസ്2/687/ 01തീ: 13.11.01 | 2 |
| 1996-97 ചെലവ് | എൽ.എഫ്.കെ.കെ.ഡി.എസ്1.821/98തീ: 8.12.1999 | 2 |
| 1997-98ചെലവ് | എൽ.എഫ്.കെ.കെ.ഡി.എസ്2./1231/ 01തീ: 7.6.2002 | 12 |
| 1997-98ഡി.സി.ബി | എൽ.എഫ്.കെ.കെ.ഡി.എസ്2/601/ 02തീ:29.08.02 | 3 |

| | | |
|---|---|---|
| 1998-99ഡി.സി.ബി | എൽ.എഫ്.കെ.കെ.ഡി.എസ്2/670/ 03തീ:16.02.04 | 5 |
| 1998-99 ചെലവ് | എൽ.എഫ്.കെ.കെ.ഡി.എസ്2/1345/ 02തീ: 13.01.03 | 10 |
| 1999-00ഡി.സി.ബി | എൽ.എഫ്.കെ.കെ.ഡി പി4/438/ 04തീ:10.06.04 | 4 |
| 1999-00 ചെലവ് | എൽ.എഫ്.കെ.കെ.ഡി/എസ്2/678/0തീ: 17.12.03 | 7 |
| 2000-01 പദ്ധതി | എൽ.എഫ്.കെ.കെ.ഡി/എസ്2/1334/03 തീ: 6.01.04 | |
| 2000-01ഡി.സി.ബി | എൽ.എഫ്.കെ.കെ.ഡി/എസ്2/800/05/ തീ:01.12.05 | 13 |
| 2001-02ഡി.സി.ബി | എൽ.എഫ്.കെ.കെ.ഡി/എസ്1/1132/07/തീ: 21.8.08 | 4 |
| 2001-02 ചെലവ് | എൽ.എഫ്.കെ.കെ.ഡി/എസ്1/ 1132/07/ തീ:21.8.08 | 7 |
| 2002-03 | എൽ.എഫ്.കെ.കെ.ഡി/എസ്1/1133/07തീ: 05.02.08 | 12 |
| 2003-04 | എൽ.എഫ്.കെ.കെ.ഡി/എസ്1/618/08/ തീ:2.9.08 | 11 |
| 2004-05 | എൽ.എഫ്.കെ.കെ.ഡി.എസ്1/619/ 09/തീ:2.9.09 | 13 |
| 2005-06 | എൽ.എഫ്.കെ.കെ.ഡി.എസ്2/1095/ 08/തീ:12.11.08 | 21 |
| 2006-07 | എൽ.എഫ്.കെ.കെ.ഡി.എസ്1/1171/ 09/തീ:10.12.09 | 13 |
| 2007-08 | എൽ.എഫ്.കെ.കെ.ഡി.എസ്4/583/ 10/തീ:29.10.10 | 21 |
| 2008-09 | എൽ.എഫ്.കെ.കെ.ഡി.എസ്1/1745/ 11/തീ:17.3.12 | 15 |
| 2009-10 | എൽ.എഫ്.കെ.കെ.ഡി.എസ്1/1746/ 11/തീ:17.3.12 | 12 |

| | | |
|---|---|---|
| 2010-11 &11-12 | എൽ.എഫ്.കെ.കെ.ഡി/പി6/730/13/തീ: 2.8.13 | 20 |
| 2012-13,2013-14 | കെ.എസ്.എ.കെ.കെ.ഡി/പി6/871/15തീ: 20.08.2015 | 31 |
| 2014-15 | കെഎസ്എ കെ കെഡി / പി9 / 1125 / 2016 | 23 |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

# **1**

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ- കെകെഡി-പി9/104/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,കോഴിക്കോട്

E-mail : dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

തീയതി :23-01-2017.

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215 ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കോഴിക്കോട് ജില്ലയിലെ നരിപ്പറ്റ ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ നരിപ്പറ്റ ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക, വരവ്-ചെലവു കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

KSA.KKD-P9/104/2017 Kerala State Audit Department

District Audit Office, kozhikode

Phone :0495-2371012

E-mail : dokkd.ksad@kerala.gov.in

Date :23-01-2017.

AUDIT CERTIFICATE

Certified that I have audited the Annual Finance Statement of Narippatta Gramapanchayath in Kozhikode District for the year ended 0n 31.03.2016 in accordance with section 4 of the Kerala Local fund Audit Act 1994 ; Section 215 of the Kerala Panchayath Raj Act 1994 ; the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayath Raj Institutions.

In my opinion, the Financial Statements of Narippatta Grama Panchayath for the Year 2015-16 except the observations in my audit report properly presents the picture of income and expenditure.

Deputy Director

District Audit Office, Kozhikode